പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 259 — 20.03.2015 - ൽ മറുപടിയ്ക്ക്

## കയർ വ്യവസായ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ:എസ്.ശർമ്മ<br>,, എളമരം കരീം<br>,, സി.കെ.സദാശിവൻ<br>,, എം.ചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി |
| എ) കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് ഈ മേഖലയിൽ നവീകരണ പ്രവർത്തനങ്ങളും ആധുനികവൽക്കരണവും നടപ്പാക്കേണ്ടതിന്റെ ആവശ്യകത ബോധ്യമുണ്ടോ; | എ) ഉണ്ട്. കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് ഈ മേഖലയിൽ നവീകരണ പ്രവർത്തനങ്ങളും ആധുനികവൽക്കരണവും നടപ്പാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട് നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |
| ബി) പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടുള്ള യന്ത്രവൽക്കരണം എന്ന തൊഴിലാളികളുടെ ആവശ്യം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | ബി) കയർ വ്യവസായ മേഖലയിൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടാതെയുള്ള നിയന്ത്രിത യന്ത്രവത്ക്കരണ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. |
| സി) സംസ്ഥാനത്ത് ലഭ്യമാകുന്ന തൊണ്ടിന്റെ പകുതി പോലും സംസ്കരിച്ച് ചകിരിയാക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തത് ഈ തൊഴിൽ മേഖലയെ സാരമായി ബാധിച്ചിട്ടുള്ള കാര്യം അറിവുള്ളതാണോ; | സി) സംസ്ഥാനത്ത് ലഭ്യമാകുന്ന തൊണ്ടിന്റെ പകുതിപോലും സംസ്ക്കരിച്ച് ചകിരിയാക്കുന്നതിന് കഴിയുന്നില്ല എന്നുള്ളത് വസ്തുതയാണ്. 2010 ലും 2012 ലും പരിഷ്കരിച്ച തൊണ്ടു സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും ഉദ്ദേശിച്ച രീതിയിൽ തൊണ്ടു സംഭരണം ഫലപ്രദമായില്ല. ഇതെല്ലാം മുന്നിൽക്കണ്ട് സംസ്ഥാനത്തെ ചകിരി ക്ഷാമം പരിഹരിക്കുന്നതിനും ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്റ്റിനും അംഗീകാരം നൽകിയിട്ടുണ്ട്. |
| ഡി) ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനടക്കമുള്ള യന്ത്രങ്ങൾ കയർ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ അടക്കമുള്ള എല്ലാത്തരം കയർ മെഷീനറി യന്ത്രങ്ങളും കയർ സംഘങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ